ppabdullatheef@gmail.com



പി.പി അബ്ദുല്ലത്വീഫ്

# ഐഹിക നേട്ടത്തിനായുള്ള വിജ്ഞാന സമ്പാദനം

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ قَالَ: قَالَ رَسُولُ اللَّهِ ﷺ مَنْ تَعَلَّمَ عِلْماً مِمَّا يُبْتَغَى بِهِ وَجْهُ اللهِ عَزَّ وَجَلَّ لاَيَتَعَلَّمُهُ إِلاَّ لِيُصِيبَ بِهِ عَرَضاً مِنَ الدُّنْيَا لَمْ يَجِدْ عَرْفَ الْجَنَّةِ يَوْمَ الْقِيَامَةِ يَعْنِي رِيحَهَا

**അബൂ ഹുറയ്റ(റ)യിൽ നിന്ന് നിവേദനം. നബി (സ) പറഞ്ഞു: "ഐഹികമായ വല്ല ലക്ഷ്യത്തിനുമായി, അല്ലാഹുവിന്റെ പ്രീതി കാംക്ഷിക്കപ്പെടേണ്ട വിജ്ഞാനം ഒരാൾ കരസ്ഥമാക്കുകയാണെങ്കിൽ അയാൾക്ക് അന്ത്യദിനത്തിൽ സ്വർഗത്തിന്റെ വാസന ലഭിക്കുകയില്ല" (അബൂദാവൂദ്, ഇബ്നുമാജ, ഇബ്നുഹിബ്ബാൻ).**

നല്ല ജോലി സാധ്യതയുള്ളതും, കൂടുതൽ ശമ്പളം കിട്ടുന്നതും സമൂഹത്തിന്റെ ആദരവ് ലഭിക്കുന്നതുമായ വിദ്യാഭ്യാസത്തിനാണ് ആധുനിക സമൂഹം മുഖ്യ പരിഗണന നൽകുന്നത്. അതിനാൽ അത്തരം വിദ്യാഭ്യാസത്തിനാണ് ഇന്ന് രക്ഷിതാക്കൾ ഏറ്റവും കൂടുതൽ മുതൽ മുടക്കുന്നത്. മുടക്കിയ മുതൽ ഭൗതിക ലോകത്ത് തിരിച്ചുകിട്ടുമെന്നവർ കണക്കുകൂട്ടുന്നു. ഈ സാമൂഹിക സാഹചര്യത്തിൽ ജീവിക്കുന്ന സത്യവിശ്വാസികൾ ശ്രദ്ധിക്കേണ്ട, വിദ്യാഭ്യാസത്തോടുള്ള ഇസ്‌ലാമിന്റെ ഉറച്ച നിലപാടാണ് ഈ ഹദീസിലൂടെ നബി(സ) ഓർമിപ്പിക്കുന്നത്.

സത്യവിശ്വാസി വിജ്ഞാനം ആർജിക്കേണ്ടത് അല്ലാഹുവിന്റെ പ്രീതിമാത്രം കാംക്ഷിച്ചുകൊണ്ടാവണം. ഭൗതിക താൽപര്യങ്ങളും വ്യക്തിഗത നേട്ടങ്ങളും മാത്രം ലക്ഷ്യമാകുന്നതാവരുത് വിദ്യാഭ്യാസം. ഇബ്നു ഉമറി(റ)ൽ നിന്ന് തിർമിദി നിവേദനം ചെയ്യുന്നു: "അല്ലാഹുവിനു വേണ്ടിയല്ലാതെ ആരെങ്കിലും വിജ്ഞാനം നേടിയാൽ, അല്ലെങ്കിൽ അല്ലാഹുവല്ലാത്തതിനെ അതുകൊണ്ട് ഉദ്ദേശിച്ചാൽ, നരകത്തിൽ തന്റെ ഇരിപ്പിടം അവൻ ഒരുക്കട്ടെ."

മനുഷ്യന്റെ സർവതോമുഖ വളർച്ചക്ക് വിജ്ഞാനം അത്യന്താപേക്ഷിതമാണ്. സാമൂഹിക, നാഗരിക, സാമ്പത്തിക പുരോഗതിയിൽ പങ്കുവഹിക്കേണ്ട ശാസ്ത്ര, സാമൂഹിക, കലാ, സാഹിത്യ ശാഖകളിലെല്ലാം നൈപുണ്യം നേടേണ്ടതുണ്ട്. സമൂഹ നിർമിതിക്കനുയോജ്യമായ, വൈവിധ്യങ്ങളായ നൈസർഗിക വാസനയോടെയാണ് ഓരോ മനുഷ്യനും സൃഷ്ടിക്കപ്പെട്ടത്. അതിനാൽ ഓരോരുത്തരും തന്നിലെ നൈസർഗിക കഴിവുകളെയും വാസനകളെയും തിരിച്ചറിഞ്ഞ് ദൈവിക താൽപര്യ പ്രകാരം അറിവുകൊണ്ടതിനെ പരിപോഷിപ്പിച്ച് സമൂഹനിർമിതിക്കായി സേവനത്തിനിറങ്ങേണ്ടതുണ്ട്. ഏത് വൈജ്ഞാനിക മേഖലയിൽ പ്രവേശിച്ചാലും തന്നിൽ അർപ്പിതമായിരിക്കുന്ന ഉത്തരവാദിത്തത്തെക്കുറിച്ച് മനുഷ്യന് ബോധ്യമുണ്ടാവണം. നാളെ അല്ലാഹുവിന്റെ മുന്നിൽ താൻ നേടിയ അറിവിനെക്കുറിച്ച് ഉത്തരം പറയേണ്ടിവരുമെന്ന വിശ്വാസം അവനുണ്ടാവണം. ആർജിച്ച വിജ്ഞാനം അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചുകൊണ്ട് സമൂഹനന്മക്ക് വേണ്ടി ഉപയോഗിക്കുമ്പോഴാണ് ജ്ഞാനമെന്ന അമാനത്തിനോട് ഒരാൾ നീതി പുലർത്തുന്നത്. ഈ ബോധത്തോടെയും വിശ്വാസത്തോടെയും മുസ്‌ലിം ലോകം വിജ്ഞാനത്തെ സമീപിച്ചപ്പോഴാണ് സകല വൈജ്ഞാനിക ശാഖകളിലേക്കും അവർക്ക് കയറിച്ചെല്ലാൻ സാധിച്ചത്. ചരിത്രം കണ്ട ഏറ്റവും വലിയ സംഭാവനകൾ അർപ്പിച്ചുകൊണ്ട് ലോകത്തെ ഇരുട്ടിൽ നിന്ന് വെളിച്ചത്തേക്ക് നയിക്കാനവർക്ക് സാധ്യമായതും വിജ്ഞാനത്തോടൊപ്പം ഈ വിശ്വാസം ഉൾക്കൊണ്ടത് മൂലമായിരുന്നു.

സമൂഹത്തെ ഉപഭോക്താവായി മാത്രം കാണുന്ന നിലവിലെ കമ്പോള താൽപര്യങ്ങൾ സംരക്ഷിച്ചു നിർത്തുന്ന ജോലിയിടങ്ങളിൽ ഇസ്‌ലാമിന്റെ ജ്വലിക്കുന്ന വിളക്കുകളായി സഹജീവികൾക്ക് സ്നേഹവും ആശ്വാസവും പകർന്നു നൽകാൻ കഴിയുന്നവരായി നാം മാറുന്നുണ്ടോ എന്ന് ആലോചിക്കേണ്ടതാണ്. തന്റെ അറിവ് തന്നെയും തന്റെ കുടുംബത്തെയും എത്രകണ്ട് ഇസ്‌ലാമിക പാതയിൽ എല്ലാ അർഥത്തിലും ഉറപ്പിച്ചു നിർത്താൻ സഹായകമാകുന്നുണ്ടെന്നും, പരലോക വിജയത്തിന് തന്റെ വിജ്ഞാനവും ജോലിയും എത്രമാത്രം സഹായകമാകുന്നുണ്ടെന്നും ഓരോ മുസ്‌ലിമും പരിശോധിച്ചുകൊണ്ടിരിക്കട്ടെ.

നബി(സ) അരുളി: "ആരെങ്കിലും വിജ്ഞാനം തേടി ഒരു വഴിയിലേക്കിറങ്ങിയാൽ അതുമുഖേന സ്വർഗത്തിലേക്കുള്ള പാത അല്ലാഹു അവന് എളുപ്പമാക്കിക്കൊടുക്കും. വിജ്ഞാനം തേടുന്നവനോടുള്ള ഇഷ്ടം കൊണ്ട് മാലാഖമാർ അവരുടെ ചിറകുകൾ താഴ്ത്തിക്കൊടുക്കും. ആകാശഭൂമിയിലുള്ളതെല്ലാം, വെള്ളത്തിലെ മത്സ്യം പോലും, ജ്ഞാനിയുടെ പാപമോചനത്തിനായി പ്രാർഥിച്ചുകൊണ്ടിരിക്കും. മറ്റു ഗ്രഹങ്ങളെക്കാളും ചന്ദ്രനുള്ള മഹത്വമാണ് ആരാധന ചെയ്യുന്നവനേക്കാൾ ഒരു ജ്ഞാനിക്ക്. പണ്ഡിതന്മാർ നബിമാരുടെ അനന്തരാവകാശികളാണ്. അവർ ദീനാറോ ദിർഹമോ അനന്തരമായെടുത്തിട്ടില്ല. അവർ അറിവാണ് അനന്തരമെടുത്തത്. അതെടുക്കുന്നവർ വേണ്ടുവോളം എടുത്തുകൊള്ളട്ടെ" (അബൂ ദാവൂദ്, തിർമിദി, ഇബ്നുമാജ). ■